## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **2570**

**09.03.2017 -ലെ മറുപടിയ്ക്ക്**

# തോട്ടം തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ)തോട്ടം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, റൂൾസ് പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും നടപ്പിലാകാത്തതിനാൽ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. റിലീഫ് ഫണ്ട് കമ്മിറ്റികളുടെ ചെയർമാൻമാർ അതാത് ജില്ലാ കളക്ടർമാരും, കൺവീനർമാർ അതാത് ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർമാരും ആണ്.<br><br>പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും പഠനോപകരണങ്ങളുടെ വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നത്. |

| | |
|---|---|
| (ബി) ഇതിനായി എത്ര ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) ഇടുക്കി ജില്ലാ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2012-2013 സാമ്പത്തിക വർഷം 3 കോടി രൂപയും 2013-14 സാമ്പത്തിക വർഷം 62 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി 2012-2013 ൽ 49 ലക്ഷം രൂപയും 2013-14 ൽ 50 ലക്ഷം രൂപയും 2014-15 ൽ 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പാലക്കാട് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2013-14 സാമ്പത്തിക വർഷം 16 ലക്ഷം രൂപയും 2014-15-ൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 2013-14 ൽ 51 ലക്ഷം രൂപയും 2014-15 ൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) തൊഴിലാളികളുടെ പുനരധിവാസത്തിനായി നാളിതുവരെ എത്ര ഫണ്ട് ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി 2012-13 കാലയളവ് മുതൽ നാളിതുവരെ ഇടുക്കി ജില്ലയിൽ 3,28,66,002/- രൂപയും തിരുവനന്തപുരം ജില്ലയിൽ 38,19,270/- രൂപയും പാലക്കാട് ജില്ലയിൽ 7,57,201/- രൂപയും വയനാട് ജില്ലയിൽ 18,92,569/- രൂപയും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന ചെലവഴിച്ചിട്ടുണ്ട്. |
| (ഡി)ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് ലഭിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ട്. |
| (ഇ) വിവിധ തോട്ടം മേഖലകളിലെ കെട്ടിക്കിടക്കുന്ന ഫണ്ട് സംബന്ധിച്ച് വിശദമാക്കുമോ? | (ഇ) ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 33,33,998/- രൂപ നീക്കിയിരുപ്പുണ്ട്. പാലക്കാട് ജില്ലയിൽ 58,82,219/- രൂപയും വയനാട് ജില്ലയിൽ 67,39,879/- രൂപയും നീക്കിയിരുപ്പുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽ 1,97,90,320/- രൂപയും പി.ഡബ്ല്യൂ. ഡിയുടെ കൈവശം 42 ലക്ഷം രൂപയും നിലവിലുണ്ട്. |

Sreelekha

**സെക്ഷൻ ഓഫീസർ**